പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1413 — 31.10.2019-ൽ മറുപടിക്ക്

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി<br>,, സജി ചെറിയാൻ<br>,, എസ്.ശർമ്മ<br>,, മുരളി പെരുനെല്ലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും പ്രാദേശിക നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുള്ളതും, ഈ ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നത് നിരീക്ഷിച്ചു വരുന്നതും, ഡാറ്റാബാങ്ക് തയ്യാറാക്കി വരുന്നതുമാണ്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായുള്ള ജില്ലാതല അധികൃത സമിതിയും രൂപീകരിച്ചിട്ടുള്ളതാണ്. നിലം നികത്തി വീട് വയ്ക്കുന്നതിനായി നെൽവയൽ ഉടമസ്ഥൻ അപേക്ഷ നൽകുന്ന സാഹചര്യത്തിൽ പ്രാദേശിക സമിതി, ജില്ലാതല സമിതി എന്നിവർ നിരസിച്ച് തീരുമാനമെടുക്കുന്ന പക്ഷം അപ്പീൽ ലഭ്യമാകുന്ന സാഹചര്യത്തിൽ പ്രസ്തുത അപേക്ഷയിൻമേൽ അപേക്ഷയ്ക്കാസ്പദമായ സ്ഥലം പരിശോധന നടത്തി പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ ആയ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അപേക്ഷയിൻമേൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി നിയമം വകുപ്പ് 13 പ്രകാരം ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ച് കൊണ്ട് രൂപാന്തരപ്പെടുത്തിയ നെൽവയലോ, തണ്ണീർത്തടമോ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ, ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും വാഹനമോ യന്ത്രോപകരണങ്ങളോ പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇത്തരത്തിലുള്ള അനധികൃത പ്രവർത്തനം കണ്ടെത്തുന്നതിനും തടയുന്നതിനുമായി ജില്ലാ/താലൂക്ക് തല സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. |

(ബി) നെൽവയലുകളും തണ്ണീർത്തട ങ്ങളും സംബന്ധിച്ച ഡേറ്റാബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ആകെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശ ങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 811 എണ്ണത്തിന്റെ ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ 49 എണ്ണത്തിന്റെ ഡേറ്റാ ബാങ്ക് പുതിയതായി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. അതിൽ 11 പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്.

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുന്നതിനും ഇതുസംബന്ധിച്ച പരാതികൾ യഥാസമയം തീർപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) 30.05.2017-ലെ സ.ഉ(പി) 34/2017/റവന്യൂ (എസ്.ആർ.ഒ 301/2017 നമ്പർ വിജ്ഞാപനം) പ്രകാരം, ഡേറ്റാബാങ്കിൽ ഉൾപ്പെടുത്തപ്പെട്ട ഭൂമിയെ സംബന്ധിച്ച് പൊതുജന ങ്ങൾക്ക് ആക്ഷേപമുള്ള പക്ഷം പുന:പരിശോധന അപേക്ഷ സമർപ്പിക്കുന്നതിനും 2008-ലെ നിയമപ്രകാരം നിർവ്വചനം ചെയ്തിട്ടുള്ള നെൽവയൽ, തണ്ണീർത്തടം എന്നിവ ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയത് ഉൾപ്പെടുത്തുന്ന തിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പുന:പരിശോധന അപേക്ഷ കൾ സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. കൂടാതെ അപേക്ഷ സമർപ്പിക്കുവാൻ വൈകുകയും മതിയായ കാരണങ്ങൾ ബോധിപ്പിക്കുകയും ചെയ്യുവരുടെ കാലതാമസം മാപ്പാക്കി പ്രസ്തുത അപേക്ഷകളും പ്രാദേശികതല നിരീക്ഷണ സമിതികൾ സ്വീകരിച്ചിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 12.08.2008-ന മുമ്പും ശേഷവുമുള്ള ഉപഗ്രഹ ചിത്രങ്ങളുടെയും നേരിട്ടുള്ള സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് തീരുമാനമെടുത്ത് ഡേറ്റാബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രസിദ്ധീകരിക്കുന്ന തിനുള്ള നടപടികൾ പ്രാദേശികതല നിരീക്ഷണ സമിതികൾ പൂർത്തിയാക്കി വരുന്നു.

നിലവിൽ ഡേറ്റാ ബാങ്ക് തെറ്റ് തിരുത്തലുകൾ സംബന്ധിച്ച അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സ്വീകരിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരം നടപടികൾ സ്വീകരിച്ച

വരുന്നു. തീർപ്പാക്കാൻ കഴിയുന്ന അപേക്ഷകൾ പ്രാദേശിക നിരീക്ഷണ സമിതിയിൽ വച്ച് തീർപ്പാക്കുകയും ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചവ ഗസറ്റിൽ തിരുത്തൽ വിജ്ഞാപനം നൽകുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു. അപേക്ഷകളിന്മേൽ സംശയമുള്ള കേസുകളിൽ KSREC-യിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയും സ്ഥലപരിശോധന നടത്തിയും അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഡേറ്റാബാങ്കിൽ തെറ്റു തിരുത്തുന്നതിനായി ആകെ ലഭിച്ച 2,28,781 അപേക്ഷകളിൽ 1,66,771 എണ്ണത്തിന്റെ ഫീൽഡ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതിനായി KSREC-യ്ക്ക് കൈമാറിയ 20585 അപേക്ഷ കളിൽ 6716 എണ്ണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രാദേശികതല നിരീക്ഷണ സമിതികൾ 1,00,639 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**